# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 4302

03.02.2014 ൽ മറുപടിക്ക്

### സംസ്ഥാനത്തെ ആയുർവേദ ചികിത്സാ കേന്ദ്രമാക്കാൻ ഒരുക്കങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. കെ.മുരളീധരൻ** | **ശ്രീ. എ.പി.അനിൽകുമാർ**<br>**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ ആയുർവേദ ചികിത്സാ കേന്ദ്രമാക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ക്ലാസിഫിക്കേഷൻ സ്കീം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ക്ലാസിഫിക്കേഷൻ ലഭിച്ച ആയുർവേദ കേന്ദ്രങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, ഇലക്ട്രിക്കൽ സബ്സിഡി എന്നിവ അനുവദിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തും സംഘടിപ്പിക്കപ്പെടുന്ന ടൂറിസം മേളകളിലൂടെ ആയുർവേദ ചികിത്സ യുടെയും പരിചരണത്തിന്റെയും പ്രചാരണത്തിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ആയുർവേദം കൂടുതൽ പ്രചരിപ്പിക്കുന്ന തിന്റെ ഭാഗമായി കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralatourism.org) ആയുർവേദത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരം തുടങ്ങി വിവിധ പരിപാടികൾ ഉൾപ്പെടുത്തിവരുന്നു. ആയുർവേദ ടൂറിസത്തിന്റെ പ്രധാന അന്താരാഷ്ട്ര വിപണിയായ ജർമ്മനിയിൽ ജർമ്മൻ ഭാഷയിൽ ഒരു ഫേസ്ബുക്ക് പേജ് വികസിപ്പിച്ച് പ്രചരണം നടത്തി വരുന്നു. കഴിഞ്ഞ വർഷം ജർമ്മനിയിൽ നടന്ന രണ്ടു പ്രധാനപ്പെട്ട ആയുർ-സൗഖ്യ ഫെയറുകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുകയുണ്ടായി. ആയുർവേദ പ്രചാരണാർത്ഥമുള്ള വിവിധ ഡി.വി.ഡികൾ, ബ്രോഷറുകൾ, പുസ്തകങ്ങൾ എന്നിവയും ടൂറിസം വകുപ്പ് തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| ബി) | ലോക പൈതൃക കേന്ദ്രമായി യുനെസ്കോ അംഗീകരിച്ച പശ്ചിമഘട്ടത്തെ മുൻ നിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തി യിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) & സി) | പശ്ചിമ ഘട്ടത്തെ ലോക പൈതൃക കേന്ദ്രമായി യുനെസ്കോ അംഗീകരിച്ച ശേഷം ഇതിന്റെ പ്രചാരണാർത്ഥം പ്രധാനപ്പെട്ട അന്താരാഷ്ട്ര ടൂറിസം ഫെയറുകളിൽ പശ്ചിമഘട്ടം പ്രധാന ആകർഷണമാക്കിയുള്ള സ്റ്റാളുകൾ ഡിസൈൻ ചെയ്ത് അവതരിപ്പിച്ചുവരുന്നു. |
| സി) | ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | | |
| ഡി) | അയൂർവേദ രംഗത്തെ തൊഴിലാളികളെ പ്രചാരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | ഡി) | ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിവിധ ട്രാവൽ മാർട്ടുകളിലും, ഫെയറുകളിലും ഈ രംഗത്തെ വിവിധ സ്ഥാപനങ്ങൾ പങ്കെടുക്കാറുണ്ട്. പ്രസ്തുത സ്ഥാപന ങ്ങളിലെ വിവിധ തലങ്ങളിൽ പ്രവർത്തി ക്കുന്നവർ ഈ പ്രചാരണ പരിപാടികളിൽ പങ്കാളികളാവുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**